# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂൺ 6 | ദീപം 57 | നാളം 13 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ചതിയുടെ സൈബറിടങ്ങൾ




റ്റി.സി. മാത്യു


കല്പനാ ഗോവേകർ. ഗോവയിലെ പനജിയിൽ തിരക്കുള്ള വനിതാഡോക്ടർ. ഓഹരി വിപണിയിൽ കുറെ നിക്ഷേപമുണ്ട്. ഒരു സമൂഹമാധ്യമത്തിലൂടെയാണ് അവർ ജിമി (GIMI) ആപ്പിനെപ്പറ്റി അറിയുന്നത്. ഓഹരികളിൽനിന്നു വലിയ ആദായമുണ്ടാക്കാൻ ഈ ആപ്പിലൂടെ പറ്റുമെന്ന് ആ കൂട്ടായ്മയിലെ പലരും ചൂണ്ടിക്കാട്ടി. വിശ്വാസത്തിനായി പലരും തങ്ങളുടെ നിക്ഷേപത്തിന്റെ പുരോഗതി കാണിക്കുന്ന ഡാഷ്ബോർഡും (ഓഹരികളുടെ വില, ലാഭം/നഷ്ടം കാണിക്കുന്ന സ്ക്രീൻ ഷോട്ട്) ഡോക്ടർക്ക് അയച്ചുകൊടുത്തു. ദിവസങ്ങൾക്കകം ഡോക്ടർ ആ ആപ്പ് വഴിയാക്കി നിക്ഷേപം. ദിവസേന വലിയ ലാഭം ഉണ്ടാകുന്നതായി ഡാഷ് ബോർഡ് കാണിച്ചു. കുറെ ലാഭം തിരിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ വലിയ ഫീസ് നൽകിയാലേ ഇപ്പോൾ ലാഭമെടുക്കാനാകൂ എന്നായി ആപ്പിൽനിന്നുള്ള മറുപടി. ചതി മണത്ത ഡോ. കല്പന പോലീസിൽ പരാതിപ്പെട്ടു. ഡോക്ടറുടെ നഷ്ടം 90 ലക്ഷം രൂപ.

ചെന്നൈ ടി നഗറിലെ 70 വയസ്സു കഴിഞ്ഞ സരോജയെ, നിങ്ങൾ കള്ളപ്പണക്കേസിൽ പെട്ടിരിക്കുന്നു എന്നു പറഞ്ഞാണ് അപരിചിതർ ബന്ധപ്പെട്ടത്. മുംബൈ പോലീസിൽനിന്നാണെന്ന് അവർ പറഞ്ഞു. സ്ത്രീയുടെ ബാങ്ക് അക്കൗണ്ടും മൊബൈൽനമ്പറും ഉപയോഗിച്ചു മുംബൈയിലാണത്രേ തട്ടിപ്പു നടത്തിയത്. താൻ നിരപരാധിയാണെന്നും മുംബൈയിൽ ഇടപാടുകളില്ലെന്നും സ്ത്രീ പറഞ്ഞു. പക്ഷേ, എഫ്ഐആറിൽ നിങ്ങളാണു പ്രതി, എൻഐഎ അറസ്റ്റ് ചെയ്യുന്നത് ഒഴിവാക്കാൻ പണം നൽകണമെന്നായി അപരിചിതർ. തന്റെ ബാങ്കിൽ ബന്ധപ്പെടാനോ ആരോടെങ്കിലും പറയാനോ തുനിഞ്ഞാൽ ഉടനെ അറസ്റ്റ് എന്ന ഭീഷണിയുമുണ്ടായി. ഒറ്റയ്ക്കു താമസിക്കുന്ന സ്ത്രീയിൽനിന്ന് മൂന്ന് അക്കൗണ്ടുകളിലേക്കായി ഒരു കോടിയോളം രൂപ വാങ്ങിച്ചെടുത്തു.

രാജ്യത്തു സൈബർതട്ടിപ്പു കേസുകളിലെ വർധനയുടെ തോത് ഞെട്ടിപ്പിക്കുന്നതാണ്. 2021 ൽ 4.52 ലക്ഷം സൈബർ തട്ടിപ്പുകേസുകളാണു രാജ്യത്തു രജിസ്റ്റർ ചെയ്തത്. 2022-ൽ ഇത് 9.66 ലക്ഷമായി. 2023- ൽ 15.56 ലക്ഷവും. രണ്ടു വർഷത്തെ ശരാശരി വർധന 72 ശതമാനം.

സാങ്കേതികവിദ്യയിലെ വളർച്ച തട്ടിപ്പുകൾ കൂടുതൽ എളുപ്പമാക്കി. തട്ടിപ്പുകൾ തടയാനും കൂടുതൽ വഴികൾ തെളിഞ്ഞു. എങ്കിലും തട്ടിപ്പുകൾ കൂടിവരികയാണ്.

ഉള്ളതുപറഞ്ഞാൽ ആർക്കും ഇഷ്ടപ്പെടില്ല. തട്ടിപ്പുകാരുടെ കഴിവല്ല ഇരകളുടെ അത്യാർത്തിയാണു ഭൂരിപക്ഷം അവസരങ്ങളിലും തട്ടിപ്പിനു കാരണം. ഇരകളിൽ ഡോക്ടർമാരും ടെക്പ്രഫഷണലുകളും അഭിഭാഷകരും അധ്യാപകരുമൊക്കെയുണ്ട്. വിദ്യാഭ്യാസം കൂടിയാലും ആർത്തി കുറയില്ലല്ലോ.

നാട്ടിലെ ശരാശരി നിരക്കിനെക്കാൾ കൂടിയ പലിശ കിട്ടുന്ന പദ്ധതികൾ അന്വേഷിക്കുന്നതും അവയിൽ ചേരുന്നതും അത്യാർത്തിയല്ല. എന്നാൽ, നാട്ടുനടപ്പുള്ളതിലും വളരെ കൂടിയ നിരക്ക് തേടിപ്പോയി നിക്ഷേപിക്കുന്നത് അപകടത്തെ വിളിച്ചുവരുത്തലാണ്. വാണിജ്യബാങ്കുകൾ എട്ടുവരെ ശതമാനം പലിശ നൽകുമ്പോൾ ഇരുപതും ഇരുപത്തിനാലും ശതമാനം പലിശ ഓഫർ ചെയ്യുന്നവർ നടത്തുന്നതു തുടർന്നുപോകാവുന്ന ബിസിനസ് അല്ല. അതിൽ ചേരുന്നതു പണം നഷ്ടപ്പെടുത്താൻമാത്രമേ സഹായിക്കൂ. ഈയിടെ കേരളത്തിൽ മാസംതോറും എന്നോണമാണ് ഇത്തരം നിക്ഷേപക്കമ്പനികൾ പൊളിഞ്ഞത്.

ഇതുപോലെയാണ് അറിയാത്ത ബിസിനസിൽ പണം നിക്ഷേപിക്കുന്നത്. എന്താണ് ഒരു പ്രസ്ഥാനം ചെയ്യുന്നത്, എങ്ങനെയാണ് അവർ പണം ഉണ്ടാക്കുന്നത്, അവർ ആരാണ് എന്നൊന്നും അറിയാതെ പണം നിക്ഷേപിക്കരുത്. നിയമവിരുദ്ധകാര്യങ്ങൾമുതൽ അപ്രായോഗിക കാര്യങ്ങൾ വരെ അവയിൽ ഉണ്ടാകാം. എന്തിനാണു പണം കളഞ്ഞ് അബദ്ധത്തിൽ വീഴുന്നത്?

▶12

# വീണ്ടെടുപ്പിന്റെ പരിസ്ഥിതിപാഠങ്ങൾ




മായ കെ. നായർ


പ്രകൃതിയായിരുന്നു പഴമക്കാരുടെ പാഠപുസ്തകം. പ്രകൃതിയറിവുകളിൽനിന്നു സ്വരൂപിച്ചെടുത്ത ജ്ഞാനമായിരുന്നു സമൂഹത്തിന്റെ ചാലകശക്തി. അങ്ങനെ നമുക്കു ലഭിച്ച അറിവുകളിൽനിന്നു രൂപപ്പെടുത്തിയ ലോകവീക്ഷണവും സാമൂഹികബോധവും നമ്മുടെ സംസ്കാരത്തിന്റെ സത്തയായി മാറി. ഇതായിരുന്നു ജീവിതപുസ്തകത്തിലെ ആദ്യപാഠങ്ങൾ. സമൂഹം കാലത്തിലൂടെ നേടിയെടുത്ത അറിവനുഭവങ്ങൾ; കൃഷിയെക്കുറിച്ചും മഴയെക്കുറിച്ചും മണ്ണിനെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും എന്നുവേണ്ട സമസ്തമേഖലകളെയും സ്പർശിക്കുന്ന ഒരു കാലഘട്ടത്തിന്റെ അറിവാണ്.

ജൂൺ അഞ്ചിന് പതിവുപോലെ നാം പരിസ്ഥിതിദിനം ആഘോഷിക്കുമ്പോൾ, പറഞ്ഞുകളയുന്ന ഓരോ കാര്യവും പ്രാവർത്തികമാക്കാനാണ് ശ്രമിക്കേണ്ടത്. ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന വെള്ളത്തിലും നടക്കുന്ന വഴിയിലും ഇന്ന് രോഗാണുക്കൾ നിറഞ്ഞുനിൽക്കുന്നു. നമ്മുടെ പരിസ്ഥിതി അത്രമേൽ ജീർണിച്ചഅവസ്ഥയിലാണ്. മനുഷ്യന് ഈ ഭൂമിയിൽ നിലനിൽക്കണമെങ്കിൽ ആഹാരം, ജലം, വായു എന്നിവ കൂടിയേ തീരൂ. ആഹാരത്തിനായി മനുഷ്യൻ പ്രധാനമായും ആശ്രയിക്കുന്നത് വൃക്ഷലതാദികളെയാണ്. പ്രകൃതിയും മനുഷ്യനുൾപ്പെടെയുള്ള ജീവികളും തമ്മിലുള്ള പരസ്പരക്രിയകളിൽനിന്നാണ് പരിസ്ഥിതിപ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

നാം അധിവസിക്കുന്ന ഭൂമി ആരുടെയുംസ്വന്തമല്ല;മറിച്ച്,മനുഷ്യൻ ഭൂമിയുടേതാണ്. നിർഭാഗ്യമെന്നു പറയട്ടെ, മനുഷ്യൻ മറിച്ചാണ് ഇന്നു കരുതുന്നത്. അതുകൊണ്ടുതന്നെ അവൻ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്.

വ്യവസായവത്കരണത്തെയും വനനശീകരണങ്ങളെയും ഒരു കൂട്ടർ വിപ്ലവങ്ങളാക്കി മാറ്റുന്നു. ആ വിപ്ലവങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ നിരവധിയാണ്.

▶ 5




# വാഴ്ത്തപ്പെട്ട കാർളോ അക്യുട്ടിസ് വിശുദ്ധപദവിയിലേക്ക്

ദിവ്യകാരുണ്യഭക്തിയുടെ പ്രചാരണത്തിനായി ജീവിതം സമർപ്പിക്കുകയും പതിനഞ്ചാം വയസ്സിൽ മരണമടയുകയും ചെയ്ത വാഴ്ത്തപ്പെട്ട കാർളോ അക്യുട്ടിസ് വിശുദ്ധപദവിയിലേക്ക്. വാഴ്ത്തപ്പെട്ട കാർളോ അക്യുട്ടിസിന്റെ മധ്യസ്ഥതയിൽ നടന്ന അദ്ഭുതത്തിന് ഫ്രാൻസിസ് മാർപാപ്പാ അംഗീകാരം നല്കിയതായി കാത്തലിക് ന്യൂസ് ഏജൻസി ഉൾപ്പെടെയുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇതോടെ കാർളോയെ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതായാണു വിവരം. ആഗോളകത്തോലിക്കാസഭ ജൂബിലിവർഷമായി ആചരിക്കുന്ന 2025 ൽ കാർളോയെ വിശുദ്ധനായി പ്രഖ്യാപിക്കുമെന്നാണ് റിപ്പോർട്ട്.

1991 മേയ് മൂന്നിന് ലണ്ടനിലാണ് കാർളോയുടെ ജനനം. കംപ്യൂട്ടർ - ഇന്റർനെറ്റ് സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതീവ തത്പരനായിരുന്നു കാർളോ. ദിവ്യകാരുണ്യ അദ്ഭുതങ്ങളുടെ ബൃഹത്തായ ഓൺലൈൻ ശേഖരം തന്നെ ചെറിയ പ്രായത്തിനുള്ളിൽ കാർളോ സജ്ജീകരിച്ചിരുന്നു. പതിനൊന്നാം വയസ്സിൽ ആരംഭിച്ച ഈ ഉദ്യമം അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ നേടി.

കാർളോ ഒരുക്കിയ ദിവ്യകാരുണ്യ വിർച്വൽ ലൈബ്രറിയുടെ പ്രദർശനം അഞ്ചു ഭൂഖണ്ഡങ്ങളിൽ നടന്നു. ദിവ്യകാരുണ്യ അദ്ഭുതങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനത്തിനും വിശ്വാസനവീകരണത്തിനും ആയിരങ്ങൾക്ക് ഇതു സഹായകരമായിട്ടുണ്ട്. അനേകരെ ദിവ്യകാരുണ്യഭക്തിലേക്ക് ആനയിച്ചതിനുശേഷമാണ് 2006 ഒക്ടോബർ 12 ന് പതിനഞ്ചാം വയസ്സിൽ ലുക്കീമിയ ബാധിച്ചാണ് കാർളോയുടെ ണം.




### വിശുദ്ധപദവിയിലേക്ക് വഴിത്തിരിവായ അദ്ഭുതം

2022 ൽ ഫ്ളോറൻസിൽവച്ച് സൈക്കിൾ അപകടത്തിൽ തലയ്ക്കു ഗുരുതരമായി പരിക്കേറ്റ് മരണത്തോടടുത്ത കോസ്റ്ററിക്കയിൽനിന്നുള്ള വലേറിയ വാൽവെർഡെ എന്ന പെൺകുട്ടിക്ക് കാർളോയുടെ മധ്യസ്ഥതയാൽ നടന്ന അദ്ഭുതകരമായ രോഗശാന്തിക്കാണ് ഫ്രാൻസിസ് മാർപാപ്പാ അംഗീകാരം നൽകിയിരിക്കുന്നത്. പെൺകുട്ടിക്ക് അടിയന്തരമായി നടത്തിയ ക്രാനിയോടോമി സർജറിക്കുശേഷവും അവളുടെ അവസ്ഥ വളരെ ഗുരുതരമായിരുന്നു. അപകടത്തിന് ആറു ദിവസത്തിനുശേഷം, വലേറിയയുടെ അമ്മ അസ്സീസിയിലെത്തി വാഴ്ത്തപ്പെട്ട കാർളോ അക്യുട്ടിസിന്റെ ശവകുടീരത്തിൽ തന്റെ മകളുടെ രോഗശാന്തിക്കായി മാധ്യസ്ഥ്യം യാചിച്ചു പ്രാർഥിച്ചു.

അന്നുതന്നെ, വലേറിയയിൽ അദ്ഭുതകരമായ മാറ്റങ്ങൾ പ്രകടമായി. മെഡിക്കൽ ഉപകരണങ്ങളുടെ സഹായത്താൽ ജീവൻ നിലനിർത്തിയിരുന്ന അവളിൽ പെട്ടെന്നുതന്നെ മാറ്റം കണ്ടുതുടങ്ങി. അവൾ സ്വയം ശ്വസിക്കാൻ തുടങ്ങി. അടുത്ത ദിവസംമുതൽ കൈകാലുകളുടെ ചലനവും ഭാഗികമായി സംസാരവും വീണ്ടെടുത്തു. അമ്മയുടെ തീർഥാടനത്തിന് പത്തു ദിവസത്തിനുശേഷം വലേറിയയെ തീവ്രപരിചരണ വിഭാഗത്തിൽനിന്നു മാറ്റി.

പിന്നീടുള്ള പരിശോധനകളിൽ തലച്ചോറിനേറ്റ ഗുരുതരമായ ക്ഷതം പൂർണമായും ഭേദമായതായി ഡോക്ടർമാർ സ്ഥിരീകരിക്കുകയായിരുന്നു. വൈദ്യശാസ്ത്രം കൈവിട്ട വലേറിയ അദ്ഭുതകരമായ വിധത്തിൽ രോഗശാന്തിനേടി. രണ്ടു മാസത്തിനുശേഷം 2022 സെപ്തംബർ 2 ന്, കാർളോയുടെ ശവകുടീരത്തിൽ എത്തി കൃതജ്ഞതയർപ്പിച്ചു.

2020 ഒക്ടോബർ 10 നാണ് കാർളോ അക്യുട്ടിസിനെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയത്. ഒക്ടോബർ 12 ന് പ്രഥമതിരുനാൾ ആചരിച്ചു.

## കുട്ടികളെ കരുതാം...

# വരുന്നൂ മഴക്കാലരോഗങ്ങൾ

കരുതാം ആരോഗ്യം



ഡോ. ജിസ് തോമസ്

കളിചിരികളുമായി വീണ്ടും സ്കൂളുകൾ തുറക്കുന്നു. മഴക്കാലംകൂടി എത്തുന്നതിനാൽ കുട്ടികളിൽ അസുഖങ്ങൾക്കും സാധ്യത കൂടുതലാണ്. ജലദോഷം, പനി, ഇൻഫ്ളുവൻസ, അണുബാധ, വയറുവേദന തുടങ്ങിയ വിവിധ അസുഖങ്ങൾ മഴക്കാലത്ത് കുട്ടികളിൽ ഉണ്ടാകാറുണ്ട്. മഴക്കാലത്ത് വെള്ളം മലിനമാകുന്നത് ജലജന്യരോഗങ്ങൾക്കും സാധ്യതയുണ്ടാക്കാം. കരുതലോടെ നോക്കിയാൽ കുട്ടികളെ അസുഖങ്ങളിൽനിന്നു രക്ഷപ്പെടുത്താൻ സാധിക്കും.

**ശ്രദ്ധിക്കേണ്ട 6 കാര്യങ്ങൾ**

**A**( Avoid Contact)പനിയോ മറ്റ് അസുഖങ്ങളോ ഉള്ള കുട്ടികളെ പരമാവധി സ്കൂളിൽ വിടാതിരിക്കുക. പനി പടരുന്ന സാഹചര്യം ഒഴിവാക്കാൻ ഇതു സഹായിക്കും.

**B** ( Bacteria) ബാക്ടീരിയ, വൈറസ് എന്നിവയ്ക്കെതിരേയുള്ള ന്യൂമോകോക്കൽ അല്ലെങ്കിൽ ഇൻഫ്ളുവൻസ വാക്സീൻ കുട്ടികൾ എടുത്തു എന്ന് ഉറപ്പു വരുത്തണം. ഇവ മൂലമുണ്ടാകുന്ന രോഗങ്ങൾ വരാതിരിക്കുന്നതിനു സഹായിക്കും.

**C** (Change the habit) മൊബൈൽ ഫോൺ ഉൾപ്പെടെ ഉപയോഗിക്കുന്ന കുട്ടികളിൽ സ്ക്രീൻ ടൈം പരമാവധി ഒരു മണിക്കൂറിൽ താഴെ നിർത്തുക. 40 മിനിട്ടെങ്കിലും അവരെ വ്യായാമം ചെയ്യാൻ ശീലിപ്പിക്കുക.

**D** (Drugs) - ഡോക്ടർ നിർദേശിച്ച അളവിലും പറഞ്ഞ കാലയളവിലും മരുന്നുകൾ കഴിക്കുക. സ്വയം ഒരു കാരണവശാലും കുട്ടികൾക്കു മരുന്നുകൾ നൽകരുത്.

**E** (Environment) കുട്ടികൾക്കുള്ള ചുറ്റുപാടുകൾ പരമാവധി അണുവിമുക്തമാക്കുക. പൊടിയിൽനിന്നു സംരക്ഷിക്കുക.

**F** (Food) കുട്ടികൾക്ക് പരമാവധി പായ്ക്കറ്റ് ഫുഡ്, ജങ്ക്ഫുഡ് എന്നിവ ഒഴിവാക്കുക, വെള്ളം നന്നായി കുടിപ്പിക്കുക. പഴങ്ങളും പച്ചക്കറികളും നന്നായി കഴിപ്പിക്കുക.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റി, പീഡിയാട്രിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റാണ്.*





### ജോൺ കച്ചിറമറ്റത്തിന് ചരിത്രസൂരി അവാർഡ്

കോട്ടയം: കേരള റൈറ്റേഴ്സ് കോൺഫറൻസ് ഏർപ്പെടുത്തിയ ചരിത്രസൂരി അവാർഡ് ജോൺ കച്ചിറമറ്റത്തിന്. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും, കേരളസഭാതാരങ്ങൾ, കേരളസഭാപ്രതിഭകൾ, കുണ്ടറവിളംബരം തുടങ്ങി ഒട്ടേറെ ചരിത്രരചനകളെ പരിഗണിച്ചാണ് അവാർഡ്.

ജൂൺ ഒന്നിന് വൈകുന്നേരം 3.30 ന് ജോൺ കച്ചിറമറ്റത്തിന്റെ രാമപുരത്തെ ഭവനത്തിൽ നടക്കുന്ന ചടങ്ങിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അവാർഡു സമ്മാനിക്കും.

# വീണ്ടെടുപ്പിന്റെ പരിസ്ഥിതിപാഠങ്ങൾ






മായാ കെ. നായർ

പ്രകൃതിയായിരുന്നു പഴമക്കാരുടെ പാഠപുസ്തകം. പ്രകൃതിയറിവുകളിൽനിന്നു സ്വരൂപിച്ചെടുത്ത ജ്ഞാനമായിരുന്നു സമൂഹത്തിന്റെ ചാലകശക്തി. അങ്ങനെ നമുക്കു ലഭിച്ച അറിവുകളിൽനിന്നു രൂപപ്പെടുത്തിയ ലോകവീക്ഷണവും സാമൂഹികബോധവും നമ്മുടെ സംസ്കാരത്തിന്റെ സത്തയായി മാറി. ഇതായിരുന്നു ജീവിതപുസ്തകത്തിലെ ആദ്യപാഠങ്ങൾ. സമൂഹം കാലത്തിലൂടെ നേടിയെടുത്ത അറിവനുഭവങ്ങൾ; കൃഷിയെക്കുറിച്ചും മഴയെക്കുറിച്ചും മണ്ണിനെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും എന്നുവേണ്ട സമസ്തമേഖലകളെയും സ്പർശിക്കുന്ന ഒരു കാലഘട്ടത്തിന്റെ അറിവാണ്.

നാം പരിസ്ഥിതിദിനം ആഘോഷിക്കുമ്പോൾ പറഞ്ഞുതള്ളുന്ന ഓരോ കാര്യവും പ്രാവർത്തികമാക്കാനാണ് ശ്രമിക്കേണ്ടത്. ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന വെള്ളത്തിലും നടക്കുന്ന വഴിയിലും ഇന്ന് രോഗാണുക്കൾ നിറഞ്ഞുനിൽക്കുന്നു. നമ്മുടെ പരിസ്ഥിതി അത്രമേൽ ജീർണിച്ച അവസ്ഥയിലാണ്. മനുഷ്യന് ഈ ഭൂമിയിൽ നിലനിൽക്കണമെങ്കിൽ ആഹാരം, ജലം, വായു എന്നിവ കൂടിയേ തീരൂ. ആഹാരത്തിനായി മനുഷ്യൻ പ്രധാനമായും ആശ്രയിക്കുന്നത് വൃക്ഷലതാദികളെയാണ്. പ്രകൃതിയും മനുഷ്യനുൾപ്പെടെയുള്ള ജീവികളും തമ്മിലുള്ള പരസ്പരക്രിയകളിൽനിന്നാണ് പരിസ്ഥിതിപ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

നാം അധിവസിക്കുന്ന ഭൂമി ആരുടെയും സ്വന്തമല്ല; മറിച്ച്, മനുഷ്യൻ ഭൂമിയുടേതാണ്. നിർഭാഗ്യമെന്നു പറയട്ടെ മനുഷ്യൻ മറിച്ചാണ് ഇന്നു കരുതുന്നത്. അതുകൊണ്ടുതന്നെ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്.

വ്യവസായവത്കരണത്തെയും വനനശീകരണങ്ങളെയും വിപ്ലവങ്ങളാക്കി മാറ്റുന്നു. ആ വിപ്ലവങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ നിരവധിയാണ്. ഫാക്ടറികളും വാഹനങ്ങളും അന്തരീക്ഷത്തിലേക്കു തള്ളിവിടുന്ന അപകടകാരികളായ വാതകങ്ങൾ വായുവിനെ മലിനീകരിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം, മരങ്ങളും കാടുകളും വെട്ടിനശിപ്പിക്കുന്നതിലൂടെ വായുശുദ്ധീകരണത്തിനുള്ള പ്രകൃതിയുടെ വാതിൽ തടസ്സപ്പെടുത്തുന്നു. ഇതേ അവസ്ഥതന്നെയാണ് നദികളുടെയും. മാലിന്യങ്ങൾ ഒഴുക്കിക്കളയാനുള്ള ഓടകൾ മാത്രമായിട്ടാണ് നദികളെ നാം കാണുന്നത്. നഗരങ്ങളിലെയെന്നല്ല, ഒട്ടുമിക്കയിടങ്ങളിലെയും അഴുക്കുചാലുകൾ നദികളിലേക്കു തുറന്നുവിട്ടിരിക്കുന്നു. എന്തും ഉപയോഗശേഷം വലിച്ചെറിയുന്ന ശീലമാണ് ഇന്നു മലയാളിക്കുള്ളത്. ഈ വലിച്ചെറിയലാണ് നാശത്തിനു കാരണം.

ഓക്സിജനാണ് പ്രാണവായു. ഭൂമിയിലെ ഓക്സിജൻ ബാങ്ക് വനങ്ങളാണ്. വനങ്ങൾ വെട്ടിനിരത്തുമ്പോൾ നമ്മെത്തന്നെ നശിപ്പിക്കുകയാണ് നാം ചെയ്യുന്നത്. അതു പ്രകൃതിയുടെ സ്വാഭാവിക കരുത്ത് ക്ഷയിപ്പിക്കുന്നു. കാലാവസ്ഥയിലുണ്ടാകുന്ന നേരിയ വ്യതിയാനംപോലും ഭൂമിയിൽ വലിയ പ്രത്യാഘാതങ്ങൾക്കു കാരണമാകും. പഴയകാലത്ത് വൃക്ഷങ്ങൾ മുറിക്കുന്നതിനു മുമ്പ് വൃക്ഷപൂജ നടത്തുന്ന പതിവ് ഭാരതത്തിൽ നിലനിന്നിരുന്നു. ഇന്ന് വികസനത്തിന്റെ മറവിൽ വനങ്ങൾ കയ്യേറി നശിപ്പിക്കുന്ന കാഴ്ചയാണു നാം കാണുന്നത്.

സമൃദ്ധവും വൈവിധ്യമാർന്നതുമായ പ്രകൃതിവിഭവങ്ങളെക്കൊണ്ട് അനുഗൃഹീതമാണ് നമ്മുടെ നാട്. കുന്നുകളും മലകളും നിറഞ്ഞ ഈ നാട്ടിൽ വൈവിധ്യമാർന്ന സസ്യജാലമാണുള്ളത്. ജീവജാലങ്ങൾക്കെല്ലാം ആഹാരത്തിനുവേണ്ട വകയും പ്രകൃതി ഒരുക്കിയിട്ടുണ്ട്. പ്രകൃതിയിലുണ്ടാകുന്ന മാലിന്യങ്ങൾ വീണ്ടും പ്രയോജനമുള്ളതാക്കി മാറ്റാനും പരിസ്ഥിതി സംരക്ഷിക്കാനുമുള്ള മാർഗങ്ങൾ പ്രകൃതിതന്നെ കണ്ടെത്തിയിട്ടുണ്ട്. 'കാവുതീണ്ടല്ലേ കുളം വറ്റും' എന്ന പഴമൊഴിയിൽ തെളിയുന്നത് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചു കേരളീയർക്കുണ്ടായ അവബോധമാണ്.

പാടംനികത്തിയാലും മണൽവാരി പുഴ നശിച്ചാലും വനം വെട്ടിയാലും മാലിന്യക്കൂമ്പാരങ്ങൾ കൂടിയാലും കുന്നിടിച്ചാലും ഞങ്ങൾക്കു യാതൊരു പ്രശ്നവുമില്ല എന്നു കരുതുന്നവരുടെ കാഴ്ചപ്പാടുകൾ മാറ്റപ്പെടേണ്ടതാണ്. സ്വന്തം വ്യത്തിയും വീടിന്റെ വൃത്തിയും മാത്രം സംരക്ഷിച്ച് സ്വാർഥതയുടെ പര്യായമായിക്കൊണ്ടിരിക്കുന്ന മലയാളനാടിന്റെ മനോഭാവം മാറണം. ലോകം നേരിടുന്ന പ്രധാനവെല്ലുവിളികളിൽ ഒന്നാണ് പരിസ്ഥിതിപ്രശ്നങ്ങൾ. മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായിക്കൊണ്ട് പാരിസ്ഥിതികപ്രശ്നങ്ങൾ പ്രതിദിനം വർധിക്കുന്നു. നമക്ക് നമ്മുടെ പൂർവികർ ദാനം തന്നതല്ല ഈ ഭൂമി. നമ്മുടെ തലമുറയിൽനിന്നു കടം വാങ്ങിയതാണ് എന്ന ബോധത്തോടെ വേണം ഇവിടെ ജീവിക്കാൻ. പരിസ്ഥിതിക്കു കോട്ടം തട്ടുന്ന വികസനം നമുക്കു വേണ്ട എന്നു പറയാനുള്ള ഇച്ഛാശക്തി നാം നേടിയെടുക്കണം.

പരിസ്ഥിതിസംരക്ഷണത്തിനായി നാം ആദ്യം ചെയ്യേണ്ടത് മാലിന്യസംസ്കരണമാണ്. ശുചിത്വത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുക, ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനുതകുന്ന സഹായങ്ങൾ നൽകുക. ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റ് വളം ഉണ്ടാക്കാൻ പ്രേരിപ്പിക്കുക, മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുക, കൃത്രിമസാധനങ്ങൾ ഉപയോഗിക്കാതിരിക്കുക, പുഴയെ സംരക്ഷിക്കുക, വയലുകൾ നികത്താതിരിക്കുക, മത്സ്യസമ്പത്തിനെ സംരക്ഷിക്കുക. പ്രകൃതിസംരക്ഷണബോധമുള്ള യുവതലമുറയെ വാർത്തെടുക്കുക എന്നത് നമ്മൾ ഓരോരുത്തരുടെയും കർത്തവ്യമാണ്.

ആഗോളതാപനവും പരിസ്ഥിതിഅസന്തുലനവും വർധിക്കുന്നതിനു തടയുക എന്ന ലക്ഷ്യത്തോടെയാണ് 1974 മുതൽ ജൂൺ 5 പരിസ്ഥിതിദിനമായി നാം ആചരിക്കുന്നത്. ഇത് ആചരണമായിമാത്രം മാറിയിരിക്കുകയാണ്. പരിസ്ഥിതിപ്രശ്നങ്ങൾക്കു പരിഹാരം കാണാൻ നിയമനിർമാണംകൊണ്ടുമാത്രം കഴിയുകയില്ല. മണ്ണും വിണ്ണും വെള്ളവും പവിത്രമാണെന്നു കരുതുന്ന ഒരു തലമുറ വളർന്നുവന്നെങ്കിൽമാത്രമേ പരിസ്ഥിതിസംരക്ഷണം ഫലപ്രദമാകൂ. മണ്ണിനെ ബഹുമാനിക്കുന്ന ഒരു തലമുറയിലൂടെമാത്രമേ പരിസ്ഥിതിസംരക്ഷണം സാധ്യമാകൂ. ■

---

**ശ്രേഷ്ഠമലയാളം**



ഡോ. ഡേവിസ് സേവ്യർ

## രോഗിയും രോഗിണിയും

സംസ്കൃതത്തിൽ, ലിംഗഭേദം നിർണയിക്കാൻ പല മാർഗങ്ങളുണ്ട്. അവയെല്ലാം മനസ്സിലാക്കുക അത്ര എളുപ്പമല്ല. വ്യാകരണപാഠങ്ങളിൽ നിർണീതമായ അറിവുണ്ടാകണം. തന്മൂലമാകാം സംസ്കൃത്തിലെ ലിംഗഭേദം എല്ലായിടത്തും മലയാളികൾ സ്വീകരിക്കാത്തത്. രോഗി – രോഗിണി; കവി – കവയിത്രി; വിദ്യാർഥി – വിദ്യാർഥിനി, മന്ത്രി – മന്ത്രിണി എന്നിങ്ങനെ സംസ്കൃതത്തിൽ ലിംഗഭേദം കുറിക്കുന്നു. സംസ്കൃതത്തിലെ പുല്ലിംഗശബ്ദങ്ങളെ മലയാളത്തിൽ ഉഭയലിംഗവാചിയായാണ്* പ്രയോഗിക്കുന്നത്. 'പരിസ്ഥിതിബോധത്തെ ഉണർത്തുന്ന കവിയാണ് സുഗതകുമാരി.' 'അൽഫോൻസാ കോളജിലെ വിദ്യാർഥിയാണ് ലിഡിയ' 'എന്റെ സഹോദരി രോഗിയാണ്; കേരളത്തിലെ ആരോഗ്യവകുപ്പുമന്ത്രിയാണ് വീണാ ജോർജ് എന്നൊക്കെ എഴുതുന്നതിലോ പറയുന്നതിലോ ഒരു അഭംഗിയും ഇല്ലാതിരിക്കുന്നു. ആൺ-പെൺ വ്യത്യാസം പ്രകടമാക്കേണ്ടതില്ലാത്ത സന്ദർഭത്തിൽ അലിംഗവാചികൾ പ്രയോഗിക്കുന്നതിൽ തെറ്റില്ല എന്നത്രേ മലയാളവ്യാകരണം അനുശാസിക്കുന്നത്.

സംസ്കൃതത്തിലെ പുല്ലിംഗ-സ്ത്രീലിംഗരൂപങ്ങൾ വിശേഷണവിശേഷ്യങ്ങളായി ഉപയോഗിക്കുന്ന പുത്തൻപ്രവണത മലയാളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. നേതാവ്-നേത്രി; സഖാവ്-സഖി; എന്നിങ്ങനെയുള്ള ലിംഗഭേദം മലയാളി ഉപേക്ഷിച്ച മട്ടാണ്. പകരം ലിംഗവ്യത്യാസം കുറിക്കാൻ വനിതാനേതാവ്, വനിതാ സഖാവ്, വനിതാമന്ത്രി എന്നെല്ലാം തട്ടിവിടുന്നു! വനിത സ്ത്രീലിംഗവാചിയും നേതാവ്, സഖാവ്, മന്ത്രി എന്നിവ പുല്ലിംഗവാചികളും ആണെന്ന് അറിയാതെയുള്ള പ്രയോഗമാണിത്. പദപ്രയോഗമനുസരിച്ച് ഇവയെ 'ഭിന്നലിംഗവാചി'കളായി കണക്കാക്കണം. ഇത് ആശാസ്യമായ ഭാഷാപ്രവണതയല്ല. സമൂഹമാധ്യമങ്ങളുടെ ശക്തമായ സ്വാധീനഫലമാവണം ഇത്തരം വികലരൂപങ്ങളുടെ പ്രചുരപ്രചാരത്തിനു നിദാനം.

* ഉഭയലിംഗം: മനുഷ്യരിൽ ആണിനെയും പെണ്ണിനെയും പൊതുവിൽ സൂചിപ്പിക്കാൻ കഴിവുള്ള നാമരൂപം. ഇതിന് അലിംഗമെന്നൊരു പേർകൂടി പ്രചാരത്തിലുണ്ട്.

# പുതിയ അധ്യയനവർഷവും പുത്തൻ പാഠപുസ്തകങ്ങളും



ഷാജി മാലിപ്പാറ

വിദ്യാലയവർഷാരംഭത്തിനായി പള്ളിക്കൂടങ്ങളുടെ പടിവാതിലുകൾ തുറക്കുകയായി. ആർപ്പുവിളികളും ആരവങ്ങളും കളിപ്പാട്ടങ്ങളും മധുരപലഹാരങ്ങളുമായി പ്രവേശനോത്സവങ്ങൾ കൊണ്ടാടുന്നു. ഇക്കൊല്ലം അതിനുമപ്പുറം മറ്റൊരു സവിശേഷതയുണ്ട്. അതു മറ്റൊന്നുമല്ല, പുത്തൻ പാഠപുസ്തകങ്ങൾതന്നെയാണ്.



2023 ൽ പ്രസിദ്ധപ്പെടുത്തിയ കേരളപാഠ്യപദ്ധതി ചട്ടക്കൂട് (കേരള കരിക്കുലം ഫ്രെയിം വർക്ക് കെ.സി.എഫ്.) മുൻനിർത്തിയാണ് പുതിയ പാഠപുസ്തകങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്. കെസിഎഫിന്റെ ദാർശനിക അടിത്തറയിലാണ് പാഠപുസ്തകങ്ങൾ നിർമിച്ചിരിക്കുന്നത്. ലോകത്താദ്യമായി ലക്ഷക്കണക്കിനു വിദ്യാർഥികളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് കെസിഎഫ് പൂർത്തീകരിച്ചത്. കുട്ടികൾക്കു പുറമേ അധ്യാപകരും രക്ഷിതാക്കളും സാംസ്കാരികപ്രവർത്തകരുമൊക്കെ അഭിപ്രായങ്ങൾ അറിയിച്ചു. 26 വിഷയമേഖലകളായി തിരിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള ഫോക്കസ് ഗ്രൂപ്പുകളാണ് ഇതിനു ചുക്കാൻപിടിച്ചത്. വിപുലമായ ജനാധിപത്യ പ്രക്രിയയിലൂടെയുള്ള ദീർഘനാളത്തെ അധ്വാനം ഇതിന്റെ പിന്നിലുണ്ട് എന്ന വസ്തുത സർക്കാർ അഭിമാനപൂർവം ഉയർത്തിക്കാട്ടുന്നുമുണ്ട്.

കെസിഎഫിന്റെ നന്മകൾ പ്രതിഫലിക്കേണ്ടത് പാഠപുസ്തകങ്ങളിലാണ്. അതുകൊണ്ടുതന്നെ വിദ്യാർഥികളും അധ്യാപകരുമെന്നല്ല, കേരളത്തിലെ പൊതുസമൂഹമൊന്നാകെ പാഠപുസ്തകങ്ങളെ ആകാംക്ഷയോടെയാണു കാത്തിരിക്കുന്നത്. ഇക്കൊല്ലം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പുതുതായി നൽകുന്നത്. അടുത്ത അധ്യയനവർഷം രണ്ട്, നാല്, ആറ്, എട്ട്, പത്ത് എന്നീ ക്ലാസുകളിൽ പുസ്തകങ്ങൾ പരിഷ്കരിക്കും. ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളും താത്പര്യങ്ങളുമൊക്കെ പാഠപുസ്തകങ്ങളിൽ പ്രതിഫലിക്കുന്നതു പുതിയ കാര്യമല്ല. വിവാദങ്ങൾക്കു തിരികൊളുത്തിയ പാഠപുസ്തകങ്ങൾ നമ്മുടെ നാട്ടിൽ ദുർല്ലഭമല്ല. എന്നാൽ, ഇത്തവണ കഴിയുന്നത്ര വിവാദരഹിതമായ പാഠപുസ്തകങ്ങൾ ഒരുക്കാനാണ് അധികൃതർ ശ്രമിച്ചത് എന്നറിയുന്നു. പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈകളിലെത്തുമ്പോഴാണ് അവയിലെ തെറ്റും ശരിയും സമൂഹത്തിനു വെളിപ്പെടുന്നത്. ഇവിടെയാണ് പുസ്തകത്തിനായുള്ള കാത്തിരിപ്പിന്റെ പ്രസക്തി.

മൂല്യങ്ങളും മനോഭാവങ്ങളുമൊക്കെ രൂപപ്പെടുത്തുന്നതിൽ പാഠപുസ്തകങ്ങൾക്കു സാരമായ പങ്കുണ്ട്. അതിനുള്ള പ്രധാന ഉപാധികൾ ഭാഷാ പാഠപുസ്തകങ്ങളും ചരിത്ര പാഠപുസ്തകങ്ങളുമാണ്. വാദവിവാദങ്ങൾക്കു പലപ്പോഴും നിദാനമായിട്ടുള്ളത് ഇതേ പുസ്തകങ്ങൾതന്നെയാണ്. മലയാളികളെ സംബന്ധിച്ച് മലയാളഭാഷയും സാഹിത്യവും സംസ്കാരത്തിന്റെ ഭാഗമാണ്. അതിൽ വന്നുകൂടുന്ന ഏതൊരു വ്യതിയാനവും ശ്രദ്ധാർഹമാകുന്നതു സ്വാഭാവികം. ഒന്നുരണ്ടു പതിറ്റാണ്ടുകളായി മലയാളബാലകർ അക്ഷരങ്ങൾ പഠിക്കാതെയാണ് മലയാളഭാഷ പഠിച്ചു പാസാകുന്നത് എന്ന ആക്ഷേപം അടുത്തകാലത്തു ശക്തമായി. പാഠപുസ്തകത്തിനു പുറത്താക്കിയ അക്ഷരമാലയെ തിരിയെക്കൊണ്ടുവരാൻ സാമൂഹിക - സാംസ്കാരിക - മാധ്യമരംഗത്തെ കൂട്ടായ പരിശ്രമങ്ങളുടെ ഫലമായി സർക്കാർ സമ്മതിച്ചു. കഴിഞ്ഞവർഷം ഒന്നും രണ്ടും ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ അക്ഷരമാല ചേർത്തത് അങ്ങനെയാണ്. പുതിയ ഒന്നാം ക്ലാസ് പാഠപുസ്തകത്തിലും അക്ഷരമാല ചേർത്തിട്ടുണ്ട്. അതിനപ്പുറം അക്ഷരബോധനത്തിനുള്ള നിർദേശങ്ങളും അവസരങ്ങളും ഉണ്ട്. അവ യഥോചിതം പ്രായോഗികമാക്കണം. അതിനുള്ള കർമ്മപദ്ധതി ഉണ്ടായാലേ കാര്യമുള്ളൂ.

ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യം, സാമൂഹികനീതി, മതനിരപേക്ഷത, സമത്വബോധം, ശാസ്ത്രബോധം തുടങ്ങിയവയൊക്കെ പ്രതിഫലിക്കുന്ന പാഠഭാഗങ്ങൾ - സാഹിത്യകൃതികളും ഇതരരചനകളും - സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. അവയ്ക്കനുസൃതമായ പാഠങ്ങൾ കുട്ടികളിലേക്കു വിനിമയം ചെയ്യാനുള്ള ബോധനതന്ത്രങ്ങൾ അധ്യാപകർക്കു കരഗതമാകണം. അതിനുതകുന്ന പരിശീലനം നൽകിയേ തീരൂ. അവധിക്കാലത്തുതന്നെ അധ്യാപക പരിവർത്തിതപരിപാടി എന്ന നിലയ്ക്ക് പഞ്ചദിനപരിശീലനം നൽകിക്കഴിഞ്ഞു. എന്നാൽ, നൂറുകണക്കിന് എയ്ഡഡ് വിദ്യാലയങ്ങളിൽ വർഷങ്ങളായി പഠിപ്പിക്കുന്ന ആയിരക്കണക്കിന് അധ്യാപകർക്ക് സർക്കാരിൽനിന്നു നിയമനാംഗീകാരം ലഭിക്കാത്തതിനാൽ ഈ പരിശീലനങ്ങളിൽ യഥാസമയം പങ്കെടുക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. നിർണയിക്കപ്പെട്ട വിദ്യാഭ്യാസലക്ഷ്യങ്ങൾ സാധിച്ചെടുക്കുന്നതിൽ ഇതു വലിയ തടസ്സം സൃഷ്ടിച്ചേക്കാം.

പാഠപുസ്തകം മികച്ചതാവുക എന്നതു സുപ്രധാനമാണ്. അതിന്റെ വിനിമയം ശരിയായ വിധത്തിലാവുകയെന്നതും പ്രധാനമാണ്. അതിനുള്ള പശ്ചാത്തലമൊരുക്കേണ്ടത് അവധാനതയോടെയാവണം. ഇത്തവണത്തെ ഒരു സവിശേഷത രക്ഷാകർത്താക്കൾക്കുള്ള കൈപ്പുസ്തകം നൽകുന്നു എന്നതാണ്. പാഠ്യപദ്ധതിയുടെ സവിശേഷതകളും പൊതുവിദ്യാലയങ്ങളുടെ സാമൂഹിക പ്രസക്തിയും ബോധ്യപ്പെടുത്തുക, കുട്ടികളുടെ വളർച്ചയെ തിരിച്ചറിയാനും ഉൾക്കൊള്ളാ-നുമുള്ള സഹായമേകുക എന്നിവയാണ് കൈപ്പുസ്തകം ഉന്നംവയ്ക്കുന്നത്. ഇവയൊക്കെ കേവലം ചടങ്ങുകൾക്കപ്പുറത്ത് കൃത്യവും വ്യക്തവും സമയബന്ധിതവുമായി നടപ്പിലാക്കുന്നിടത്താണ് നാം ലക്ഷ്യം നേടുന്നത്. ■

---

കുടുംബവിളക്ക്

35



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## വരവ്

വരവിനെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. വീട്ടിലെ വരുമാനവും അതു വരുന്ന വഴികളും എത്ര നിസ്സാരങ്ങളാണെങ്കിലും കുടുംബാംഗങ്ങൾ അറിഞ്ഞിരിക്കണം. അംഗങ്ങളുടെ വരുമാനം കുടുംബത്തിന്റെ പൊതുസ്വത്താണ്. അത് ആരിൽനിന്നും ഒളിച്ചുവയ്ക്കേണ്ട കാര്യമില്ല. മാതാപിതാക്കളും മക്കളും ഒരുപോലെ ഇക്കാര്യത്തിൽ സത്യസന്ധത പുലർത്തണം. അപരിചിതരായ കുറേ ജോലിക്കാർ വാടകയ്ക്കു താമസിക്കുന്ന സത്രമല്ല ക്രിസ്തീയകുടുംബം. പരസ്പരം പ്രതിബദ്ധതയുള്ള രക്തബന്ധങ്ങളുടെ കൂട്ടമാണ്. അവർക്കിടയിൽ മൂടുപടങ്ങളുടെ ആവശ്യമല്ല. കുടുംബത്തിന്റെ സാമ്പത്തികമായ കാര്യങ്ങൾ അംഗങ്ങൾ ഒരുമിച്ചിരുന്നു ചർച്ച ചെയ്യണം.

കുടുംബത്തിന്റെ ധനപരമായ ഉന്നമനത്തിന് എല്ലാ അംഗങ്ങളുടെയും സംഭാവന അത്യാവശ്യമാണ്. അവിടെ പൂഴ്ത്തിവയ്ക്കലിനോ കാപട്യത്തിനോ സ്ഥാനമില്ല. ആരും പ്രത്യേകം ചോദിക്കാതെതന്നെ വരുമാനസംബന്ധമായ വസ്തുതകൾ അന്യോന്യം അറിയിക്കാൻ ഭവനാംഗങ്ങൾക്കു കഴിയണം. അതിനുള്ള ആത്മാർഥതയും തുറവും ഓരോരുത്തകർക്കും ഉണ്ടാകണം. പണപരമായ കാര്യങ്ങളിൽ വ്യക്തതയും കൃത്യതയും കാത്തുസൂക്ഷിക്കാൻ കഴിയാത്ത കുടുംബങ്ങളിൽ ബന്ധങ്ങൾക്കു കാര്യമായ ആഴവും ബലവുമൊന്നും കാണുകയില്ല. പൊതുവായ വരുമാനത്തെപ്പറ്റി അംഗങ്ങൾക്കു നേരായ ധാരണയുണ്ടെങ്കിൽമാത്രമേ അതിനനുസരിച്ചുള്ള ചെലവുകൾ ആസൂത്രണം ചെയ്യാൻ സാധിക്കൂ. കൂടാതെ, സാധാരണവരുമാനത്തിൽ കുടുതലോ കുറവോ ഉണ്ടാകുമ്പോൾ അതിന്റെ കാരണങ്ങൾ മനസ്സിലാക്കാനും അതുപകരിക്കും.

കുടുംബാംഗങ്ങൾ ഓരോരുത്തർക്കും ബാങ്ക് പാസ്ബുക്ക് ചിലപ്പോൾ ഒരാവശ്യമായിരിക്കാം. പക്ഷേ, അതോരോന്നും സൂക്ഷിക്കാൻ ഓരോ അലമാരയുടെ ആവശ്യമില്ല. മക്കൾക്കുവേണ്ടി സമ്പാദിക്കുന്ന മാതാപിതാക്കളും മാതാപിതാക്കൾ വളർത്തി വലുതാക്കിയ മക്കളും തമ്മിൽ വരുമാനസംബന്ധമായ കാര്യങ്ങളിൽ ഒളിച്ചുകളിക്കുന്ന കുടുംബങ്ങളിൽ ക്രൈസ്തവമായ പലതിനും ക്ഷാമമുണ്ടായിരിക്കും. വരുമാനത്തെപ്പറ്റിയുള്ള അജ്ഞത അപ്രതീക്ഷിതമായ അനർഥങ്ങൾക്കു വഴിതെളിക്കാം. കുടുംബത്തിന്റെ സാമ്പത്തികനിലവാരത്തെക്കുറിച്ച് എല്ലാ അംഗങ്ങൾക്കും ബോധ്യമുണ്ടായിരിക്കട്ടെ. അതിനെ ഉത്തരോത്തരം ഉയർത്താൻ എല്ലാവരും ഒത്തൊരുമിച്ചു പരിശ്രമിക്കട്ടെ. അപ്പോൾ സംജാതമാകുന്ന സംതൃപ്തിയും സന്തോഷവും പങ്കിട്ടനുഭവിക്കാൻ എല്ലാവർക്കും ഇടയാകും. ഓർക്കണം, ക്രൈസ്തവകുടുംബം ഒരു കാരണവശാലും ഒരു കുത്തുവിട്ട കണക്കുപുസ്തകമാകരുത്.

**“നീതിപൂർവം നേടിയ ചെറിയ ആദായമാണ് അനീതിവഴി നേടിയ വലിയ ആദായത്തെക്കാൾ വിശിഷ്ടം” (സുഭാ. 16:8)**

# പുതിയ അധ്യയനവർഷവും പുത്തൻ പാഠപുസ്തകങ്ങളും



ഷാജി മാലിപ്പാറ

വിദ്യാലയവർഷാരംഭത്തിനായി പള്ളിക്കൂടങ്ങളുടെ പടിവാതിലുകൾ തുറക്കുകയായി. ആർപ്പുവിളികളും ആരവങ്ങളും കളിപ്പാട്ടങ്ങളും മധുരപലഹാരങ്ങളുമായി പ്രവേശനോത്സവങ്ങൾ കൊണ്ടാടുന്നു. ഇക്കൊല്ലം അതിനുമപ്പുറം മറ്റൊരു സവിശേഷതയുണ്ട്. അതു മറ്റൊന്നുമല്ല, പുത്തൻ പാഠപുസ്തകങ്ങൾതന്നെയാണ്.



2023 ൽ പ്രസിദ്ധപ്പെടുത്തിയ കേരളപാഠ്യപദ്ധതി ചട്ടക്കൂട് (കേരള കരിക്കുലം ഫ്രെയിംവർക്ക് കെ.സി.എഫ്.) മുൻനിർത്തിയാണ് പുതിയ പാഠപുസ്തകങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്. കെസിഎഫിന്റെ ദാർശനിക അടിത്തറയിലാണ് പാഠപുസ്തകങ്ങൾ നിർമിച്ചിരിക്കുന്നത്. ലോകത്താദ്യമായി ലക്ഷക്കണക്കിനു വിദ്യാർഥികളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് കെസിഎഫ് പൂർത്തീകരിച്ചത്. കുട്ടികൾക്കു പുറമേ അധ്യാപകരും രക്ഷിതാക്കളും സാംസ്കാരികപ്രവർത്തകരുമൊക്കെ അഭിപ്രായങ്ങൾ അറിയിച്ചു. 26 വിഷയമേഖലകളായി തിരിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള ഫോക്കസ്ഗ്രൂപ്പുകളാണ് ഇതിനു ചുക്കാൻപിടിച്ചത്. വിപുലമായ ജനാധിപത്യപ്രക്രിയയിലൂടെയുള്ള ദീർഘനാളത്തെ അധ്വാനം ഇതിന്റെ പിന്നിലുണ്ട് എന്ന വസ്തുത സർക്കാർ അഭിമാനപൂർവം ഉയർത്തിക്കാട്ടുന്നുമുണ്ട്.

കെസിഎഫിന്റെ നന്മകൾ പ്രതിഫലിക്കേണ്ടത് പാഠപുസ്തകങ്ങളിലാണ്. അതുകൊണ്ടുതന്നെ വിദ്യാർഥികളും അധ്യാപകരുമെന്നല്ല, കേരളത്തിലെ പൊതുസമൂഹമൊന്നാകെ പാഠപുസ്തകങ്ങളെ ആകാംക്ഷയോടെയാണു കാത്തിരിക്കുന്നത്. ഇക്കൊല്ലം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പുതുതായി നൽകുന്നത്. അടുത്ത അധ്യയനവർഷം രണ്ട്, നാല്, ആറ്, എട്ട്, പത്ത് എന്നീ ക്ലാസുകളിൽ പുസ്തകങ്ങൾ പരിഷ്കരിക്കും. ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളും താത്പര്യങ്ങളുമൊക്കെ പാഠപുസ്തകങ്ങളിൽ പ്രതിഫലിക്കുന്നതു പുതിയ കാര്യമല്ല. വിവാദങ്ങൾക്കു തിരികൊളുത്തിയ പാഠപുസ്തകങ്ങൾ നമ്മുടെ നാട്ടിൽ ദുർല്ലഭമല്ല. എന്നാൽ, ഇത്തവണ കഴിയുന്നത്ര വിവാദരഹിതമായ പാഠപുസ്തകങ്ങൾ ഒരുക്കാനാണ് അധികൃതർ ശ്രമിച്ചത് എന്നറിയുന്നു. പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈകളിലെത്തുമ്പോഴാണ് അവയിലെ തെറ്റും ശരിയും സമൂഹത്തിനു വെളിപ്പെടുന്നത്. ഇവിടെയാണ് പുസ്തകത്തിനായുള്ള കാത്തിരിപ്പിന്റെ പ്രസക്തി.

മൂല്യങ്ങളും മനോഭാവങ്ങളുമൊക്കെ രൂപപ്പെടുത്തുന്നതിൽ പാഠപുസ്തകങ്ങൾക്കു സാരമായ പങ്കുണ്ട്. അതിനുള്ള പ്രധാന ഉപാധികൾ ഭാഷാപാഠപുസ്തകങ്ങളും ചരിത്രപാഠപുസ്തകങ്ങളുമാണ്. വാദവിവാദങ്ങൾക്കു പലപ്പോഴും നിദാനമായിട്ടുള്ളത് ഇതേ പുസ്തകങ്ങൾതന്നെയാണ്. മലയാളികളെ സംബന്ധിച്ച് മലയാളഭാഷയും സാഹിത്യവും സംസ്കാരത്തിന്റെ ഭാഗമാണ്. അതിൽ വന്നുകൂടുന്ന ഏതൊരു വ്യതിയാനവും ശ്രദ്ധാർഹമാകുന്നതു സ്വാഭാവികം. ഒന്നുരണ്ടു പതിറ്റാണ്ടുകളായി മലയാളബാലകർ അക്ഷരങ്ങൾ പഠിക്കാതെയാണ് മലയാളഭാഷ പഠിച്ചു പാസാകുന്നത് എന്ന ആക്ഷേപം അടുത്തകാലത്തു ശക്തമായി. പാഠപുസ്തകത്തിനു പുറത്താക്കിയ അക്ഷരമാലയെ തിരിയെക്കൊണ്ടുവരാൻ സാമൂഹിക - സാംസ്കാരിക - മാധ്യമരംഗത്തെ കൂട്ടായ പരിശ്രമങ്ങളുടെ ഫലമായി സർക്കാർ സമ്മതിച്ചു. കഴിഞ്ഞവർഷം ഒന്നും രണ്ടും ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ അക്ഷരമാല ചേർത്തത് അങ്ങനെയാണ്. പുതിയ ഒന്നാം ക്ലാസ് പാഠപുസ്തകത്തിലും അക്ഷരമാല ചേർത്തിട്ടുണ്ട്. അതിനപ്പുറം അക്ഷരബോധനത്തിനുള്ള നിർദേശങ്ങളും അവസരങ്ങളും ഉണ്ട്. അവ യഥോചിതം പ്രായോഗികമാക്കണം. അതിനുള്ള കർമപദ്ധതി ഉണ്ടായാലേ കാര്യമുള്ളൂ.

ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യം, സാമൂഹിക നീതി, മതനിരപേക്ഷത, സമത്വബോധം, ശാസ്ത്രബോധം തുടങ്ങിയവയൊക്കെ പ്രതിഫലിക്കുന്ന പാഠഭാഗങ്ങൾ - സാഹിത്യകൃതികളും ഇതരരചനകളും - സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. അവയ്ക്കനുസൃതമായ പാഠങ്ങൾ കുട്ടികളിലേക്കു വിനിമയം ചെയ്യാനുള്ള ബോധനതന്ത്രങ്ങൾ അധ്യാപകർക്കു കരഗതമാകണം. അതിനുതകുന്ന പരിശീലനം നൽകിയേ തീരൂ. അവധിക്കാലത്തുതന്നെ അധ്യാപകപരിവർത്തിതപരിപാടി എന്ന നിലയ്ക്ക് പഞ്ചദിനപരിശീലനം നൽകിക്കഴിഞ്ഞു. എന്നാൽ, നൂറുകണക്കിന് എയ്ഡഡ് വിദ്യാലയങ്ങളിൽ വർഷങ്ങളായി പഠിപ്പിക്കുന്ന ആയിരക്കണക്കിന് അധ്യാപകർക്ക് സർക്കാരിൽനിന്നു നിയമനാംഗീകാരം ലഭിക്കാത്തതിനാൽ ഈ പരിശീലനങ്ങളിൽ യഥാസമയം പങ്കെടുക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. നിർണയിക്കപ്പെട്ട വിദ്യാഭ്യാസലക്ഷ്യങ്ങൾ സാധിച്ചെടുക്കുന്നതിൽ ഇതു വലിയ തടസ്സം സൃഷ്ടിച്ചേക്കാം.

പാഠപുസ്തകം മികച്ചതാവുക എന്നതു സുപ്രധാനമാണ്. അതിന്റെ വിനിമയം ശരിയായ വിധത്തിലാവുകയെന്നതും പ്രധാനമാണ്. അതിനുള്ള പശ്ചാത്തലമൊരുക്കേണ്ടത് അവധാനതയോടെയാവണം. ഇത്തവണത്തെ ഒരു സവിശേഷത രക്ഷാകർത്താക്കൾക്കുള്ള കൈപ്പുസ്തകം നൽകുന്നു എന്നതാണ്. പാഠ്യപദ്ധതിയുടെ സവിശേഷതകളും പൊതുവിദ്യാലയങ്ങളുടെ സാമൂഹികപ്രസക്തിയും ബോധ്യപ്പെടുത്തുക, കുട്ടികളുടെ വളർച്ചയെ തിരിച്ചറിയാനും ഉൾക്കൊള്ളാനുമുള്ള സഹായമേകുക എന്നിവയാണ് കൈപ്പുസ്തകം ഉന്നംവയ്ക്കുന്നത്. ഇവയൊക്കെ കേവലം ചടങ്ങുകൾക്കപ്പുറത്ത് കൃത്യവും വ്യക്തവും സമയബന്ധിതവുമായി നടപ്പിലാക്കുന്നിടത്താണ് നാം ലക്ഷ്യം നേടുന്നത്.

■

---

**ശ്രേഷ്ഠമലയാളം**

## രോഗിയും രോഗിണിയും



ഡോ. ഡേവിസ് സേവ്യർ

സംസ്കൃതത്തിൽ, ലിംഗഭേദം നിർണയിക്കാൻ പല മാർഗങ്ങളുണ്ട്. അവയെല്ലാം മനസ്സിലാക്കുക അത്ര എളുപ്പമല്ല. വ്യാകരണപാഠങ്ങളിൽ നിർണീതമായ അറിവുണ്ടാകണം. തന്മൂലമാകാം സംസ്കൃത്തിലെ ലിംഗഭേദം എല്ലായിടത്തും മലയാളികൾ സ്വീകരിക്കാത്തത്. രോഗി - രോഗിണി; കവി - കവയിത്രി; വിദ്യാർഥി - വിദ്യാർഥിനി, മന്ത്രി - മന്ത്രിണി എന്നിങ്ങനെ സംസ്കൃതത്തിൽ ലിംഗഭേദം കുറിക്കുന്നു. സംസ്കൃതത്തിലെ പുല്ലിംഗശബ്ദങ്ങളെ മലയാളത്തിൽ ഉഭയലിംഗവാചിയായാണ്* പ്രയോഗിക്കുന്നത്. ‘പരിസ്ഥിതിബോധത്തെ ഉണർത്തുന്ന കവിയാണ് സുഗതകുമാരി.’ ‘അൽഫോൻസാ കോളജിലെ വിദ്യാർഥിയാണ് ലിഡിയ’ ‘എന്റെ സഹോദരി രോഗിയാണ്; കേരളത്തിലെ ആരോഗ്യവകുപ്പുമന്ത്രിയാണ് വീണാ ജോർജ് എന്നൊക്കെ എഴുതുന്നതിലോ പറയുന്നതിലോ ഒരു അഭംഗിയും ഇല്ലാതിരിക്കുന്നു.

ആൺ-പെൺ വ്യത്യാസം പ്രകടമാക്കേണ്ടതില്ലാത്ത സന്ദർഭത്തിൽ അലിംഗവാചികൾ പ്രയോഗിക്കുന്നതിൽ തെറ്റില്ല എന്നത്രേ മലയാളവ്യാകരണം അനുശാസിക്കുന്നത്.

സംസ്കൃതത്തിലെ പുല്ലിംഗ-സ്ത്രീലിംഗരൂപങ്ങൾ വിശേഷണവിശേഷ്യങ്ങളായി ഉപയോഗിക്കുന്ന പുത്തൻപ്രവണത മലയാളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. നേതാവ്-നേത്രി; സഖാവ്-സഖി; എന്നിങ്ങനെയുള്ള ലിംഗഭേദം മലയാളി ഉപേക്ഷിച്ച മട്ടാണ്. പകരം ലിംഗവ്യത്യാസം കുറിക്കാൻ വനിതാനേതാവ്, വനിതാ സഖാവ്, വനിതാമന്ത്രി എന്നെല്ലാം തട്ടിവിടുന്നു! വനിത സ്ത്രീലിംഗവാചിയും നേതാവ്, സഖാവ്, മന്ത്രി എന്നിവ പുല്ലിംഗവാചികളും ആണെന്ന് അറിയാതെയുള്ള പ്രയോഗമാണിത്. പദപ്രയോഗമനുസരിച്ച് ഇവയെ ‘ഭിന്നലിംഗവാചി’കളായി കണക്കാക്കണം. ഇത് ആശാസ്യമായ ഭാഷാപ്രവണതയല്ല. സമൂഹമാധ്യമങ്ങളുടെ ശക്തമായ സ്വാധീനഫലമാവണം ഇത്തരം വികലരൂപങ്ങളുടെ പ്രചുരപ്രചാരത്തിനു നിദാനം.

* ഉഭയലിംഗം: മനുഷ്യരിൽ ആണിനെയും പെണ്ണിനെയും പൊതുവിൽ സൂചിപ്പിക്കാൻ കഴിവുള്ള നാമരൂപം. ഇതിന് അലിംഗമെന്നൊരു പേർകൂടി പ്രചാരത്തിലുണ്ട്.

പാപ്പച്ചൻ കടമക്കുടി

നോവൽ 28

# ചക്രവർത്തിനി



എസ്തേർരാജ്ഞി സഞ്ചരിക്കുന്നത് നാലു കുതിരകൾ വലിക്കുന്ന വലിയ രാജകീയ വണ്ടിയിലാണ്. അവരോടൊപ്പം പ്രധാനപ്പെട്ടവരായ രണ്ടുമൂന്നു തോഴിമാർ മാത്രമേയുള്ളൂ. മറ്റുള്ളവർ വേറേ വാഹനങ്ങളിലാണ്. ഹഗായിയും ഹാഥാക്കും രണ്ടു പ്രധാനഷണ്ഡന്മാരും രാജ്ഞിയുടെ വാഹനത്തിനു മുന്നിലും പിന്നിലുമായി അകമ്പടി സേവിക്കുന്നു.

കുതിരപ്പടയാളികളുടെ നിരയുമുണ്ട് അവരോടൊത്ത്.

വിദഗ്ധരായ പാചകക്കാരെയും സംഘത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ദിവസത്തെ യാത്ര അതിദുഷ്കരമായിരുന്നു. ഊഷരഭൂമികളും മരങ്ങളില്ലാത്ത മലമ്പ്രദേശങ്ങളും കടന്ന് മരുഭൂമിയിലൂടെയുള്ള യാത്ര. മണൽച്ചൂടും ചുടുകാറ്റും അസഹനീയമായിത്തീർന്നു.

സംഘാംഗങ്ങൾ എല്ലാവരും ക്ഷീണിച്ചുപോയി.

കുറെദൂരത്തേക്ക് ഒരു നീരുറവപോലും കണ്ടില്ല. തണലില്ല...!

വെള്ളംനിറച്ച തോൽസഞ്ചികൾ വറ്റിപ്പോകുമോ എന്നു സംശയമായി.

ബുദ്ധിമുട്ടുകൾക്കവസാനം ഏകദേശം സന്ധ്യയായപ്പോൾ നീരൊഴുക്കുള്ള ഒരു പച്ചപ്രദേശം കണ്ടെത്തി. മൂന്നുനാലു വലിയ മരങ്ങൾ. ധാരാളം കുറ്റിച്ചെടികൾ. പുല്ലുവളർന്ന് മെത്തപോലെയായ കുറച്ചിടങ്ങൾ. അല്പമകലെ അധികം ഉയരമില്ലാത്ത കുന്നുകൾ. അതിലെവിടെനിന്നോ ഒഴുകിവീഴുന്ന നീർച്ചോല താഴെ ഒരു പൊയ്കയായി തെളിഞ്ഞുകിടക്കുന്നു. ആകാശത്തിനു നേരേപിടിച്ച കണ്ണാടിപോലെ.

എല്ലാവർക്കും സന്തോഷമായി. ആശ്വാസമായി. കൂടാരമടിക്കാനും ഭക്ഷണം പാകംചെയ്യാനും കുളിക്കാനും അനുയോജ്യമായ സ്ഥലം. കൂടെയുള്ള ഒട്ടകങ്ങൾക്കും കുതിരകൾക്കുമെല്ലാം സമൃദ്ധമായി പുല്ലും വെള്ളവും ലഭിക്കും.

ഹാഗായിയുടെ നിർദേശപ്രകാരം കൂടാരമടിച്ചു.

രാജ്ഞിയുടെ കൂടാരത്തിനു സുരക്ഷാഭടന്മാർ കാവൽ നിന്നു.

കുളിയും ഭക്ഷണവും വിശ്രമവും കഴിഞ്ഞ് എല്ലാവരും ഉറക്കത്തിലേക്കു വഴുതിവീഴുന്ന സമയം.

അകലെനിന്നു കുതിരക്കുളമ്പടികൾ അടുത്തടുത്തുവരുന്ന ശബ്ദം കേട്ടു. കൂടാരത്തിലെ കുതിരകൾ അമറി ശബ്ദമുണ്ടാക്കുന്നു.

പടയാളികൾ ജാഗരൂകരായി.

വാളും കുന്തവുമായി അവർ കാത്തിരുന്നു.

രാത്രിയുടെ മറപറ്റി ശത്രുക്കൾ മുന്നേറുന്നതിനിടയിൽ പടയാളികൾ ചാടിവീണു.

കലാപത്തിനൊടുവിൽ എത്തിയ സംഘത്തിന്റെ നേതാവിനെത്തന്നെ ബന്ധനസ്ഥനാക്കി.

"നിങ്ങളാരാണ്? എന്തിനാണ് ഞങ്ങളോടു യുദ്ധം ചെയ്യുന്നത്?"

ഹാഗായ് സംഘത്തലവനോടന്വേഷിച്ചു.

"പേർഷ്യാരാജ്യത്തിനെതിരേ പ്രവർത്തിക്കുന്ന തീവ്രവാദികളെ നേരിടാൻ തീരുമാനിച്ച സംഘങ്ങളാണ് ഞങ്ങൾ."

ദീപ്തമായ വാക്കുകളോടെ സംഘത്തലവൻ പ്രതികരിച്ചു.

"മഹാരാജാവിനുവേണ്ടി മരണംവരെ പോരാടും."

ഹഗായ് പൊട്ടിച്ചിരിച്ചു

"സുഹൃത്തേ...! നിങ്ങളുടെ മഹാരാജ്ഞിയാണ് ഇപ്പോൾ ഞങ്ങളോടൊപ്പം യാത്ര ചെയ്യുന്നത്."

കാര്യങ്ങൾ വിശദമായി ധരിപ്പിച്ചപ്പോൾ ആഗതസംഘം തണുത്തു.

ഹാഗായിയുടെ നിർദേശാനുസരണം എസ്തേർ മഹാരാജ്ഞി രാജകീയപ്രതാപത്തോടെ കൂടാരവാതിലിൽ പ്രത്യക്ഷയായി.

അദ്ഭുതാദരങ്ങളോടെ വന്ന പടയാളികളെല്ലാം രാജ്ഞിയുടെ മുന്നിൽ സാഷ്ടാംഗം പ്രണമിച്ചു.

"മഹാരാജ്ഞി നീണാൾ വാഴട്ടെ."

"ഞങ്ങൾ അവിടുത്തെ അടിമകളാണ്."

സംഘത്തലവൻ പെർസാഥാ അറിയിച്ചു.

രാജ്ഞി അവരെനോക്കി മന്ദഹസിച്ചു

അവൾ ചോദിച്ചു.

"ഇതേതു സ്ഥലമാണ്?"

"എക്ബറ്റാന പട്ടണത്തിന്റെ പ്രാന്തപ്രദേശമാണ് മഹാരാജ്ഞി..!"

അയാൾ വിനയാന്വിതനായി.

"നീയും കൂട്ടാളികളും മന്നായിവരെ ഞങ്ങളോടൊപ്പം ഉണ്ടാവണം. അവിടെ എത്തിയശേഷം ബാക്കിപറയാം."

രാജ്ഞിയുടെ വാക്കുകൾ അവൻ സന്തോഷത്തോടെ സ്വീകരിച്ചു.

"കല്പനപോലെ."

ആറാം ദിവസമാണ് അവർ മന്നായിയിലെത്തിയത്. അവിടെ ഉർമിയ തടാകതീരത്ത് കൂടാരമടിച്ചു.

"വാഷ്തിരാജ്ഞിയുടെ വാസസ്ഥലം കണ്ടുപിടിക്കണം."

എസ്തേർ ഹഗായിയോട് ആജ്ഞാപിച്ചു.

ഹാഥാക്കും പെർസാഥയും അതിനായി നിയോഗിക്കപ്പെട്ടു.

ഏഴാംനാൾ രാവിലെ എസ്തേറിന്റെ ദൂതന്മാർ വാഷ്തിയെ സന്ദർശിച്ചു.

"എസ്തേർരാജ്ഞി കാണുവാൻ സമയം ചോദിക്കുന്നു." എന്ന സന്ദേശം അറിയിച്ചു. രാജ്ഞിയുടെ അപ്രതീക്ഷിതമായ സന്ദർശനം വാഷ്തിയെ അദ്ഭുതപ്പെടുത്തി.

ഒരു നക്ഷത്രം മറ്റൊന്നിനെ എതിരേറ്റു. സന്തോഷമാണോ സന്താപമാണോ നാലുകണ്ണുകളും ഈറനണിഞ്ഞു.

"മഹാരാജ്ഞിക്കു സ്വാഗതം."

വാഷ്തി മൊഴിഞ്ഞു.

"നീയെന്നെ അങ്ങനെ വിളിക്കരുത് വാഷ്തി. ഞാൻ എസ്തേർ. അങ്ങനെ വിളിച്ചാൽ മതി."



സൗഹൃദത്തിന്റെ വലിയൊരു തിരത്തള്ളലായിരുന്നു ആ സന്ദർശനം. രണ്ടുപേരും ഹൃദയങ്ങൾ കൈമാറി. കുശലങ്ങളോടെ ഭക്ഷണപാനീയങ്ങൾ ആസ്വദിച്ചുകഴിച്ചു.

കുറച്ചു നേരത്തെ വിശ്രമത്തിനുശേഷം എസ്തേർ എഴുന്നേറ്റു. പക്ഷേ, അവൾ പെട്ടെന്ന് തലചുറ്റിവീണു. ബോധമറ്റു നിലത്തുകിടന്നു. എല്ലാവർക്കും പരിഭ്രമമായി. തോഴിമാരും പരിചാരകരും എസ്തേറിനെ കിടക്കയിലേക്കുകിടത്തി. ശരീരം വിയർക്കുന്നുണ്ട്. അവർ വിശറികൊണ്ട് വീശാൻതുടങ്ങി.

വാഷ്തി പരിഭ്രമത്തോടെ നഗരത്തിലെ പ്രമുഖഭിഷഗ്വരനെ ആളയച്ചുവരുത്തി. അയാൾ രാജ്ഞിയുടെ മൂക്കിൽ എന്തോ മണപ്പിച്ചു. മുഖത്ത് വെള്ളംതളിക്കുകയും ചെയ്തു. നിമിഷങ്ങൾക്കകം ഒന്നുമറിയാത്തതുപോലെ എസ്തേർ കണ്ണുതുറന്നു.

വാഷ്തി ആകാംക്ഷയോടെ നില്ക്കുകയാണ്.

എല്ലാവരുമുണ്ട് ചുറ്റിലും.

എന്താണു സംഭവിച്ചതെന്നറിയാതെ രാജ്ഞി എഴുന്നേല്ക്കാൻ ശ്രമിച്ചു.

വൈദ്യൻ എസ്തേറിനോടു പറഞ്ഞു:

"മഹാരാജ്ഞി കിടന്നോളു. ക്ഷീണം മാറട്ടെ."

അവളത് അനുസരിച്ചു.

അയാൾ രാജ്ഞിയുടെ കൺപോള തുറന്ന് പരിശോധിച്ചു കവിളുകളും ചുണ്ടുമെല്ലാം സൂക്ഷ്മമായി ശ്രദ്ധിച്ചു. വാഷ്തി ഒഴിച്ച് മറ്റുള്ളവരെല്ലാം ദൂരെ മാറിപ്പോകണമെന്നു ശഠിച്ചു. എല്ലാവരും അകന്നപ്പോൾ ഒരു ചെറുപുഞ്ചിരിയോടെ അയാൾ വാഷ്തിയോടു പറഞ്ഞു.

"മഹാരാജ്ഞി ഗർഭിണിയാണ്."

രണ്ടുപേരുടെ മനസ്സുകളും ഇളകിത്തുള്ളി.

വാഷ്തി എസ്തേറിനെ വാത്സല്യംകൊണ്ടു പൊതിഞ്ഞു.

മഹാരാജാവിന്റെ മുഖമാണ് എസ്തേറിന്റെ മനസ്സിൽ തെളിഞ്ഞത്. ഇക്കാര്യമിപ്പോൾ പരസ്യമാക്കരുതെന്ന് അവൾ അപേക്ഷിച്ചു.

"എനിക്കീ സന്തോഷം അദ്ദേഹത്തിന്റെ കാതിൽപ്പറയണം."

വാഷ്തി സമ്മതിച്ചു.

അവൾ ചിന്തിച്ചു.

ഇവളൊരു ഭാഗ്യദേവത തന്നെയാണ്.

വൈദ്യന് കൈനിറയെ സമ്മാനങ്ങൾ ലഭിച്ചു.

ഒരു ദിവസംകൂടെ അവിടെ വിശ്രമിച്ചശേഷമാണ് രാജ്ഞി മടങ്ങിയത്.

കൊട്ടാരത്തിൽവച്ച് സഞ്ചാരത്തിന്റെ വിശേഷങ്ങൾ പറയുന്നതിനിടയിൽ രാജാവിന്റെ കാതിലേക്ക് അമൃതുപോലൊരു വാർത്ത ഒഴുകിവീണു.

ഹൃദയം തുള്ളിപ്പോയി.

വാർത്തയുടെ സുഗന്ധം മനസ്സാകെ നിറഞ്ഞു.

എസ്തേറിനെ എടുത്തുയർത്തണമെന്നും നെഞ്ചോടുചേർത്തു ലാളിക്കണമെന്നും തോന്നി.

ഇവൾക്ക് എന്തു സമ്മാനമാണ് നല്കേണ്ടത്? ഇപ്പോൾ താൻ സ്വർഗത്തിലാണോ എന്നുപോലും സംശയിച്ചുപോവുകയാണ്.

രാജാവ് പ്രിയതമയെ പ്രണയംകൊണ്ടു പൊതിഞ്ഞു.

പിറ്റേന്ന് ഔദ്യോഗികമായി അനന്തരാവകാശിയുടെ വരവ് പരസ്യമായി പ്രഖ്യാപിച്ചു. മൊർദെക്കായിയും ഹന്നയും ഷബാനിയുമെല്ലാം സമ്മാനങ്ങളുമായി എത്തി.

സന്തുഷ്ടനായ മഹാരാജാവ് വാർത്ത രാജ്യം മുഴുവൻ പ്രസിദ്ധമാക്കാൻ ആജ്ഞാപിച്ചു.

അന്നുമുതൽ ഒരാഴ്ചക്കാലത്തേക്ക് രാജ്യമാകെ ഉത്സവമായി ആഘോഷിക്കാനും ഉത്തരവായി.

അഹസ്വേരുസ് ചക്രവർത്തിയുടെ രാത്രികൾക്കും പകലുകൾക്കും സപ്തവർണങ്ങളായി. ചിന്തകളും പ്രവൃത്തികളും എസ്തേറിനെ വലംവെച്ചുമാത്രമായി. ചന്ദ്രനെ ചുറ്റുന്ന സൂര്യൻ!

എന്തെന്നാൽ, ഇവൾ ആരും കേൾക്കാത്തൊരു മധുരഗാനമാണ്. കാണാൻകൊതിക്കുന്ന കനവാണ്. കനകമാണ്.

അവളുടെ പരിചരണത്തിനായി കൊട്ടാരം മുഴുവനുമുണർന്നു.

അന്നുമുതലാണ് ഹന്ന അവളുടെ യഥാർഥ അമ്മയായി മാറിയത്. ഏതാവശ്യത്തിനും മുന്നിലും പിന്നിലുമുണ്ട് ഹന്ന. ഇപ്പോൾ അവൾ കൊട്ടാരത്തിലേക്കു താമസം മാറ്റിയിരിക്കുന്നു. പോറ്റമ്മയിൽനിന്ന് പെറ്റമ്മയിലേക്ക് എത്ര പെട്ടെന്നാണ് ഒരു സ്ത്രീക്ക് പരിണാമം സംഭവിക്കുന്നത്!

പ്രത്യേക ശ്രദ്ധയും കരുതലും ആവശ്യമുള്ള ഒരു സമയത്തിലൂടെ കടന്നുപോവുകയാണ് മഹാരാജ്ഞി. എസ്തേർ ആഗ്രഹിക്കുമ്പോൾ അതവളുടെ മുന്നിലെത്തിയിരിക്കും. ലബനനിലെ മുന്തിരിയോ മെസെപ്പൊട്ടോമിയയിലെ ഈത്തപ്പഴമോ എന്താണോ, അതു മുന്നിലെത്തിക്കുവാൻ രാജ്യം മുഴുവൻ സദാ സന്നദ്ധമാണ്. പ്രഭുക്കന്മാരും പ്രവിശ്യാത്തലവന്മാരും അതൊരു മത്സരമായി ഏറ്റെടുത്തിരിക്കുകയാണ്.

പേർഷ്യാമഹാരാജ്യത്തിന്റെ പുലർകാല ആകാശത്ത് ഒരു ശുക്രനക്ഷത്രം ഉദിക്കുകയാണ്. ഒരു കുഞ്ഞുചക്രവർത്തിയുടെ വരവ് രാജ്യം ഇപ്പോഴേ ആഘോഷിച്ചുതുടങ്ങിയിരിക്കുന്നു. എസ്തേറിപ്പോൾ പെരുവിരൽ തൊട്ട് ഉച്ചിയോളം പുതിയൊരു ജീവൻ പേറുന്നവളാണ്.

അവളാണ് ഇപ്പോൾ പേർഷ്യാസാമ്രാജ്യം.

അവളുടെ ചിരിയിൽ, ഉദ്വേഗത്തിൽ, കോപത്തിൽ, കരച്ചിലിലും വാത്സല്യത്തിരകളാണ്.

അവൾ അടിമുടി ഒരമ്മയാണ്, കാരുണ്യമാണ്.

ഒരു വലിയ സാമ്രാജ്യത്തെയാണ് ഈ കുഞ്ഞുപക്ഷി തന്റെ ചിറകിനുകീഴിൽ സംരക്ഷിച്ചുവച്ചിരിക്കുന്നത്.

ഷബാനിയും തോഴിമാരും അവളെ വിട്ടുപിരിയാതെ പരിചരിക്കുന്നു.

ഏറ്റവും അദ്ഭുതകരമായ കാര്യം ഈ ജീവന്റെ ഇളംസ്പന്ദത്തെ ആദ്യം അടുത്തറിയാൻ കഴിഞ്ഞത് വാഷ്തിക്കാണ് എന്നതാണ്.

തനിക്കു ലഭിക്കാതെ പോയൊരു ഭാഗ്യത്തിന്റെ ഉടമയെ എത്രകരുതലോടെയാണ് അവൾ സൂക്ഷിച്ചത്. അമ്മയായ അവളെ എത്ര സ്നേഹപൂർണമായിട്ടാണ് പരിചരിച്ചത്. ഒരു സ്ത്രീക്കുമാത്രമേ അത് അസൂയയില്ലാതെ നിറവേറ്റാനാവുകയുള്ളൂ. എന്തെന്നാൽ അടിസ്ഥാനപരമായി ഓരോ സ്ത്രീയും അമ്മയാണ്. ഗർഭിണിയാവുക എന്നത് പിന്നീടു സംഭവിക്കുന്നതാണ്.

അമ്മയും ആഹ്ലാദവും വളർന്നുകൊണ്ടിരുന്നു.

പക്ഷേ, ഈ സമയത്ത് മറ്റൊരു ദുഷ്ടതയുംകൂടെ വളരുന്നുണ്ടായിരുന്നു.

ശേഷം 12-ാം പേജിൽ

# ഇനി ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ്ദിനങ്ങൾ



സനിൽ പി. തോമസ്

**ഐ.പി.എൽ.** പതിനേഴാം സീസൺ മേയ് 26 ന് അവസാനിച്ചു. അപ്പോഴേക്കും ലോകകപ്പിനുള്ള ഇന്ത്യൻ ടീമിലെ ആദ്യ സംഘം അമേരിക്കയിലെത്തി. ഇനി ജൂൺ ഒന്നുമുതൽ 29 വരെ അമേരിക്കയിലും വെസ്റ്റ് ഇൻഡീസിലുമായി ട്വന്റി 20 ലോകകപ്പ് മത്സരങ്ങൾ. അമേരിക്കയിൽ മൂന്നും വിൻഡീസിൽ ആറും വേദികളിലായാണു മത്സരം. പ്രാഥമിക റൗണ്ട് മത്സരങ്ങളാണ് അമേരിക്കയിൽ നടക്കുക.

ലോകകപ്പിനുള്ള ഇന്ത്യൻ ടീം പ്രഖ്യാപിക്കുമ്പോൾ ഐപിഎലിൽ ഒൻപതു മത്സരങ്ങൾ പൂർത്തിയായിരുന്നു. ഐപിഎൽ താരങ്ങൾ മറ്റു രാജ്യങ്ങളുടെ ടീമിലുമുണ്ട്. ഇന്ത്യൻടീമിലെത്തിയ ചിലരുടെ ഫോം നഷ്ടപ്പെട്ടതും ടീമിലില്ലാത്ത ചിലർ ഫോം തെളിയിച്ചതും തുടർന്നുള്ള ഐപിഎൽ മത്സരങ്ങളിൽ കണ്ടു. ട്വന്റി 20 ക്രിക്കറ്റിന്റെ സവിശേഷതയാണ് ഐപിഎൽ ഫൈനലിൽ കണ്ടത്. സൺറൈഡേഴ്സ് ഹൈദരാബാദ് 18.3 ഓവറിൽ 113 ന് ഓൾഔട്ട്.

കൊൽക്കൊത്ത നൈറ്റ് റൈഡേഴ്സ് ജയിച്ചത് 10.3 ഓവറിൽ എട്ടു വിക്കറ്റിന്. അതിനു മുമ്പ്, തുടക്കത്തിൽ കിതച്ച ബംഗളൂരു റോയൽ ചാലഞ്ചേഴ്സ് പിന്നീട് കുതിച്ചതും തുടക്കത്തിൽ കുതിച്ച രാജസ്ഥാൻ റോയൽസ് പിന്നീട് കിതച്ചതും കണ്ടു.

ട്വന്റി 20 ക്രിക്കറ്റിൽ കളിക്കാരുടെ ചരിത്രമോ ഫോമോ സാങ്കേതികമികവോ വച്ച് ടീമിന്റെ കരുത്തു വിലയിരുത്താനാവില്ല. ടെസ്റ്റിലെയോ, ഏകദിനത്തിലെയോപോലെ കടലാസിലെ കരുത്ത് കളിക്കളത്തിൽ കണ്ടെന്നും വരില്ല. ആഞ്ഞടിക്കാനുള്ള വ്യഗ്രതയിൽ പ്രതിരോധം മറക്കും.

'കൊണ്ടാൽ കൊണ്ടു; പോയാൽ പോയി'

എന്ന നാടൻപ്രയോഗം ട്വന്റി 20 യിൽ ഒരളവു വരെ ശരിയാണ്.

രോഹിത് ശർമ നയിക്കുന്ന ഇന്ത്യൻ ടീമിന് കിരീടജയം അനിവാര്യമാണ്. കഴിഞ്ഞ ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിലും ഏകദിനലോകകപ്പ് ഫൈനലിലും ഓസ്ട്രേലിയയോടു പരാജയപ്പെട്ടു. 2007 ൽ പ്രഥമ ട്വന്റി 20 ലോകകപ്പ് ജേതാക്കളായ ഇന്ത്യയ്ക്ക് 2011 ലെ ഏകദിനലോകകപ്പ് വിജയത്തിനു ശേഷം ഒരു ഐസിസി ലോകകപ്പ് വിജയിക്കാൻ സാധിച്ചിട്ടില്ല. സ്ഥാനമൊഴിയുന്ന കോച്ച് രാഹുൽ ദ്രാവിഡിനും വിജയം ആവശ്യമാണ്.

ഇന്ത്യയുടെ ആദ്യമത്സരം ജൂൺ അഞ്ചിന് അയർലണ്ടിനെതിരേയാണ്. ഒൻപതിനാണ് ഇന്ത്യ പാക്കിസ്ഥാൻ മത്സരം. മറ്റു മത്സരങ്ങൾ 12 ന് യുഎസിനെതിരേയും 15 ന് കാനഡയ്ക്കെതിരെയുമാണ്. സാധാരണഗതിയിൽ ഗ്രൂപ്പ് 'എ'യിൽ നിന്ന് ഇന്ത്യയും പാക്കിസ്ഥാനും സൂപ്പർ എട്ടിൽ കടക്കും.

ടെസ്റ്റ് ക്രിക്കറ്റിലെയോ ഏകദിനത്തിലെയോപോലെ കടലാസിലെ കരുത്തിനെ ആശ്രയിച്ച് ട്വന്റി 20 യിൽ ടീമിനെ വിലയിരുത്താനാവില്ല. പരിചയസമ്പത്തും ഫോമും സംയോജിക്കണം. പക്ഷേ, കോപ്പിബുക്ക് ശൈലി വിട്ടുള്ള കളിയിൽ ഏതു ഷോട്ടും അപകടമാണ്. അതുകൊണ്ടാണ് കൊണ്ടാൽ കൊണ്ടു; പോയാൽ പോയി എന്നു നാടൻ ഭാഷയിൽ പറയാം എന്നു സൂചിപ്പിച്ചത്.

ലോകകപ്പ് വിജയിച്ചാൽ പാക്കിസ്ഥാൻ ടീമംഗങ്ങൾക്ക് ഒരു ലക്ഷം യുഎസ് ഡോളർ വീതം (ഏകദേശം 83 ലക്ഷം രൂപ) പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡ് കാഷ് അവാർഡ് പ്രഖ്യാപിച്ചിരിക്കുകയാണ്. പക്ഷേ, എയ്ഡൻ മാർകം നയിക്കുന്ന ദക്ഷിണാഫ്രിക്ക, ജോസ് ബട്‌ലർ ക്യാപ്റ്റനായുള്ള ഇംഗ്ലണ്ട്, മിച്ചൽ മാർഷിന്റെ നേതൃത്വത്തിലുള്ള ഓസ്ട്രേലിയ തുടങ്ങിയ ടീമുകളൊക്കെ ശക്തമാണ്. ഏറ്റവുമൊടുവിലാണ് പാക്കിസ്ഥാൻ ടീമിനെ പ്രഖ്യാപിച്ചത്. ബാബർ അസം ആണ് നായകൻ. ഇന്ത്യൻ ടീം തിരഞ്ഞെടുപ്പിൽ ക്രിക്കറ്റ് പ്രേമികൾ പൂർണതൃപ്തരല്ല. വിമർശനങ്ങൾ പല ഭാഗത്തു നിന്നും ഉയർന്നിരുന്നു.

വിരാട് കോലിയും രോഹിത് ശർമയുമാണ് ഏറ്റവും അനുഭവസമ്പന്നർ എങ്കിലും ഇന്ത്യയുടെ ജയപരാജയങ്ങൾ നിശ്ചയിക്കുക ഓപ്പണർ യശസ്വി ജയ്സ്വാളും മധ്യനിരയിലെ ശിവം ദുബെയും ആയിരിക്കും എന്ന മുൻകോച്ച് രവിശാസ്ത്രിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. മികച്ചൊരു ഫാസ്റ്റ് ബൗളിങ് നിരയില്ലെന്നാണ് 1983 ൽ ഏകദിനലോകകപ്പ് ജയിച്ച ടീമിൽ അംഗമായിരുന്ന മദൻലാലിന്റെ പരാതി. ജസ്പ്രീത്ബുംറയും മുഹമ്മദ് സിറാജും അർഷദീപ് സിങ്ങുമാണ് ഫാസ്റ്റ് ബൗളർമാർ. നാലു സ്പിന്നർമാർ ടീമിലുണ്ട്. അതിലാകട്ടെ ലെഗ്സ്പിന്നർ യുസ്‌വേന്ദ്ര ചാഹൽ മാത്രമാണ് വലംകൈയൻ സ്പിന്നർ. കുൽദീപ് യാദവും ഓൾറൗണ്ടർ ലേബലുള്ള അക്സർ പട്ടേലും രവീന്ദ്ര ജഡേജയും വരുമ്പോൾ സ്പിന്നർമാർ നാലായി. ഇതിൽ സ്ഥാനം പോയത് മികച്ച ഫിനിഷറായ റിങ്കു സിങ്ങിനാണ്. ശുഭ്മാൻ ഗില്ലിനെ തഴഞ്ഞതും വിമർശനം ക്ഷണിച്ചുവരുത്തി.

പാർട്ടൈം ബൗളർ എന്ന ലേബൽ ശിവം ദുബെയെ തുണച്ചു. ഋഷഭ് പന്തിനൊപ്പം മലയാളിതാരം സഞ്ജു സാംസണും വിക്കറ്റ് കീപ്പറായി ടീമിലുണ്ട്. ഗില്ലിനുപകരം ജയ്സ്വാളും ആയിരിക്കും ഓപ്പൺ ചെയ്യുക. ഹാർദിക് പാണ്ഡ്യ ഫോമിലെത്തേണ്ടതുണ്ട്. സ്പിന്നിനെ തുണയ്ക്കുന്ന പിച്ചുകളാണെന്ന വിശ്വാസത്തിലാണ് ഇന്ത്യൻ ടീമിനെ തിരഞ്ഞെടുത്തത്. അത് എത്ര ശരിയാണെന്നു കാത്തിരുന്നു കാണാം.

ഇരുപതുടീമുകൾ നാലു ഗ്രൂപ്പുകളിലായി മത്സരിക്കും. ആദ്യ രണ്ടു സ്ഥാനക്കാർ സൂപ്പർ എട്ടിൽ കളിക്കും. ഇവിടെയും രണ്ടു ഗ്രൂപ്പുണ്ട്. ആദ്യ രണ്ടു സ്ഥാനക്കാർ സെമിയിൽ കടക്കും. 2022 ലെ ലോകകപ്പിൽ 16 ടീമുകളാണു മത്സരിച്ചത്. കാനഡയും ഉഗാണ്ടയും യോഗ്യത നേടുന്നത് ആദ്യമാണ്. ആതിഥേയർ എന്ന നിലയിലാണ് യുഎസ് കളിക്കുന്നത്. ആകെയുള്ള 55 മത്സരങ്ങളിൽ 41 എണ്ണം കരീബിയൻ ദ്വീപുകളിലാണ്. സെമിഫൈനൽ 26 ന് ട്രിനിഡാഡ് ആൻഡ് ടുബാഗോയിലും 27 ന് ഗയാനയിലുമായി നടക്കും. ഫൈനൽ 29 ന് ബാർബഡോസിലാണ്.

ഗ്രൂപ്പ് എ: കാനഡ, ഇന്ത്യ, അയർലണ്ട്, പാക്കിസ്ഥാൻ, യു.എസ്.

ഗ്രൂപ്പ് ബി: ഓസ്ട്രേലിയ, ഇംഗ്ലണ്ട്, നമീബിയ, ഒമാൻ, സ്കോട്ട്ലൻഡ്.

ഗ്രൂപ്പ് സി: അഫ്ഗാനിസ്ഥാൻ, ന്യൂസിലൻഡ്, പാപ്പുവന്യൂഗിനിയ, ഉഗാണ്ട, വെസ്റ്റ് ഇൻഡീസ്.

ഗ്രൂപ്പ് ഡി: ബംഗ്ലാദേശ്, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക, നേപ്പാൾ, നെതർലൻഡ്സ്

ഗ്രൂപ്പുമത്സരങ്ങളിൽ വിജയത്തിന് രണ്ടു പോയിന്റ് ലഭിക്കും. ഫലം കണ്ടില്ലെങ്കിൽ ഓരോ പോയിന്റ് വീതം.

ആതിഥേയരായ രണ്ടു രാജ്യങ്ങളും 2022 ലെ ലോകകപ്പിലെ ആദ്യ എട്ടു സ്ഥാനക്കാരുമാണ് നേരിട്ട് യോഗ്യത നേടിയത്. ഐസിസി ട്വന്റി 20 ടീം റാങ്കിങ്ങിൽ അടുത്ത രണ്ടു സ്ഥാനക്കാർക്കും നേരിട്ട് അവസരം നൽകി. ശേഷിച്ച എട്ടു ടീമുകൾ മേഖലാതലത്തിലെ യോഗ്യതാമത്സരങ്ങളിലൂടെ കടന്നുവന്നു. അതായത്, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ദക്ഷിണാഫ്രിക്ക, ഇന്ത്യ, പാക്കിസ്ഥാൻ, ന്യൂസിലൻഡ്, വെസ്റ്റ് ഇൻഡീസ് (ആതിഥേയരും), ബംഗ്ലാദേശ് ടീമുകൾ കഴിഞ്ഞ ലോകകപ്പിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യരായി. സ്കോട്‌ലൻഡും ശ്രീലങ്കയും റാങ്കിങ്ങിന്റെ അടിസ്ഥാനത്തിൽ കടന്നുവന്നു. പക്ഷേ, സന്നാഹമത്സരത്തിൽ യുഎസ്എ ബംഗ്ലാദേശിനെ തോല്പിച്ചുവെന്ന് ഓർക്കണം. ഇന്ത്യൻ ടീം: രോഹിത് ശർമ (ക്യാപ്റ്റൻ) ഹാർദിക് പാണ്ഡ്യ (വൈസ് ക്യാപ്റ്റൻ), യശസ്വി ജൈസ്വാൾ, വിരാട് കോലി, സൂര്യകുമാർ യാദവ്, ഋഷഭ് പന്ത് (വിക്കറ്റ് കീപ്പർ), സഞ്ജു സാംസൺ (വിക്കറ്റ് കീപ്പർ), ശിവം ദുബെ, രവീന്ദ്ര ജഡേജ, അക്സർ പട്ടേൽ, കുൽദീപ് യാദവ്, യശ്‌വേന്ദ്ര ചാഹൽ, അർഷ്ദീപ് സിങ്, ജസ്പ്രീത് ബുംറ, മുഹമ്മദ് സിറാജ്.

റിസർവ്: ശുഭ്മാൻഗിൽ, റിങ്കുസിങ്, ഖലീൽ അഹമ്മദ്, ആവേശ് ഖാൻ.

■



Deepanalam Weekly

RNI No : 16998/68
Vol. 57 ■ No. 13 ■ Date of Publication 30 May 2024
■ Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# CHAITHANYA TRUST HOSPITAL & M.M.COLLEGE OF MEDICAL SCIENCE

**KOZHA, KURAVILANGAD**
**KOTTAYAM - 686633**
**Ph: 9645090576**
**9745300576, 9745400576**
**Web: www.mmcollege.in**
**Email:cthmmc@gmail.com**



**പാരാമെഡിക്കൽ വിഷയങ്ങളിൽ യുജിസി അംഗീകൃതയൂണിവേഴ്സിറ്റികളുടെ 3 വർഷ ഡിഗ്രി, രണ്ടുവർഷ അഡ്വാൻസ്ഡ് ഡിപ്ലോമാ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു**

ദളിത് വിഭാഗത്തിൽ പെടുന്നവർക്ക് ഫീസിളവ്

1. Bachelor of Voc. in Medical Laboratory Technology ( B.Voc. MLT )
   Eligibility : +2 pass (any group) Duration - 3 year
2. Bachelor of Voc. in Radiology and Medical Imaging Technology ( B.Voc RMIT )
   +2 pass (any group) 3 year
3. Bachelor of Voc. in Operation Theater Technology ( B.Voc OTT )
   +2 pass (any group) 3 year
4. Bachelor of Voc. in Dialysis Technology ( B.Voc DT )
   +2 pass (any group) 3 year



■ SSLC കഴിഞ്ഞവർക്ക് നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിലേക്ക് അപേക്ഷിക്കാം. പഠനത്തോടൊപ്പം ഹോസ്പിറ്റൽ പരിശീലനവും പെൺകുട്ടികൾക്ക് ഹോസ്റ്റൽസൗകര്യവുമുണ്ട്. അവസാന സെമസ്റ്ററിൽ മൾട്ടി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ആശുപത്രികളിൽ പരിശീലനവും നൽകുന്നു.

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

അഡ്മിഷൻ തുടരുന്നു
**+2** Science commerce humanities

**6 മാസംകൊണ്ട് +2, 10**
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

**DEI Ed ഹിന്ദി ട്രെയിനിങ്**

NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലന മായ D El Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാപ്രവീൺ കേരളഹിന്ദിപ്രചാരസഭയുടെ സാഹിത്യാചാര്യ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

**HINDI TTC**

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറും..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ഫൈനാൻസിയേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

● മസ്തിഷ്കരോഗങ്ങൾ ● നട്ടെല്ല് രോഗങ്ങൾ ● അസ്ഥിരോഗങ്ങൾ ● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ

● സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ) ● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org